(ബി) ഈ സർക്കാരിന്റെ കാലത്ത് ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ;

(സി) ഇതിനായി ഏതെല്ലാം സബ് സ്റ്റേഷനുകളുടെയും അനുബന്ധ ലൈനുകളുടെയും നിർമ്മാണമാണ് പൂർത്തിയാക്കിയിട്ടുള്ളത് ; വിശദമാക്കുമോ?

ഉത്തരം

(എ) വൈദ്യുതി പ്രസരണ മേഖല ശക്തിപ്പെടുത്തുന്നതിനുള്ള കർമ്മ പദ്ധതികളുടെ ഭാഗമായി വിശദമായ സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമെന്നു കാണുന്ന സ്ഥലങ്ങളിൽ പുതിയ സബ്സ്റ്റേഷനുകൾ സ്ഥാപിക്കുകയും, അനുബന്ധ ലൈനുകൾ നിർമ്മിക്കുകയും ചെയ്തു വരുന്നു. കൂടാതെ നിലവിലുള്ള സിംഗിൾ സർക്യൂട്ട് ലൈനുകൾ ഇരട്ടിപ്പിക്കുക, ലൈനുകളുടെയും സബ്സ്റ്റേഷനുകളുടെയും വോൾട്ടേജ് നിലവാരം ഉയർത്തുകയും ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക, സബ്സ്റ്റേഷനുകളിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക മുതലായ നടപടികളും സ്വീകരിച്ചു വരുന്നു. മേൽപ്പറഞ്ഞ നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് 10 വർഷത്തേക്കുള്ള (2013-2023) ദീർഘകാല പ്രസരണ പദ്ധതി (Long term transmission plan) വൈദ്യുതി ബോർഡ് തയ്യാറാക്കിയിട്ടുണ്ട്. ഇതിനനുബന്ധമായി 2032 വരെ ആവശ്യമായി വന്നേക്കാവുന്ന പദ്ധതികളുടെ പട്ടിക തയ്യാറാക്കി നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി&സി) മേൽപ്പറഞ്ഞ പദ്ധതികളിൽ ഉൾപ്പെടുത്തി പുതിയ സബ്സ്റ്റേഷനുകളും ലൈനുകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമായി സ്വീകരിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെയായി വിവിധ വോൾട്ടേജ് നിലവാരത്തിലുള്ള 39 സബ്സ്റ്റേഷനുകളുടെയും അനുബന്ധ ലൈനുകളുടെയും നിർമ്മാണം പൂർത്തിയാക്കി. കൂടാതെ 25 സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. പൂർത്തിയാക്കിയ സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും, നിർമ്മാണം നടക്കുന്ന സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ സൗരോർജ്ജ പദ്ധതികൾ**

16 (3169) ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യ സംസ്ഥാനത്ത് നടപ്പാക്കുന്ന സൗരോർജ്ജ പദ്ധതിക്കായി എവിടെയെല്ലാം സ്ഥലം കൈമാറിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;സ്ഥലം കൈമാറുന്നതിനുള്ള വ്യവസ്ഥകൾ വ്യക്തമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് വിഭാവനം ചെയ്തിട്ടുള്ളത്;

(സി) പദ്ധതി നടപ്പാക്കുന്നതും തുടർപ്രവർത്തനവും വൈദ്യുതി കൈകാര്യം ചെയ്യുന്നതും സംബന്ധിച്ച് സോളാർ കോർപ്പറേഷനും കെ.എസ്.ഇ.ബി.യും തമ്മിലുണ്ടാക്കിയിട്ടുള്ള വ്യവസ്ഥകൾ വിശദമാക്കുമോ?

ഉത്തരം

(എ) സ്ഥലം കൈമാറിയിട്ടില്ല. അനുയോജ്യമായ സ്ഥലം കണ്ടെത്തി കൈമാറുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) പ്രസ്തുത പദ്ധതിക്കായി സ്ഥലം ലഭ്യമായതിനുശേഷവും അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനുശേഷവും ഒരു വർഷത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) പദ്ധതി സംരംഭകർ മുഖേനയാണ് നടപ്പിലാക്കുന്നത്. ഇതിനായി കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ IREDA-യുമായും THDCIL-യുമായും സെക്കിയും കെ.എസ്.ഇ.ബി. ലിമിറ്റഡും ചേർന്ന് അനുബന്ധ മെഗാവാട്ട് വീതം സൗരോർജ്ജ വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള വെവ്വേറെ ത്രികക്ഷി പ്രാരംഭ കരാർ ഒപ്പുവച്ചിട്ടുണ്ട്. പ്രാരംഭ കരാർ വ്യവസ്ഥകൾ അനുബന്ധമായി ചേർക്കുന്നു.*

**കെട്ടിട നമ്പർ ലഭിച്ചിട്ടില്ലാത്ത കെട്ടിടങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നത്**

17 (3170) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിട നമ്പർ ലഭിച്ചിട്ടില്ലാത്ത ലൈബ്രറി, വായനശാലകൾ, കായിക /സാംസ്കാരിക സംഘടനകൾ എന്നിവ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുകയോ ഉത്തരവുകൾ പുറപ്പെടുവിക്കുകയോ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) വൈദ്യുതി ലഭിക്കുന്നതിനായി പ്രസ്തുത സ്ഥാപനങ്ങൾ എന്ത് നടപടിയാണ് സ്വീകരിക്കേണ്ടതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ലൈബ്രറികൾ, വായനശാലകൾ, കായിക/സാംസ്കാരിക സംഘടനകൾ എന്നിവ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക്, സ്ഥാപനം അഞ്ചു

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly